(സി) ഇല്ല.

(ഡി) ഈ റോഡുകൾക്കുള്ള ലോകബാങ്കിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും അനുമതി 29–5–1985–ൽ മാത്രമാണ് ലഭിച്ചത്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടേ പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പേരാമ്പ്ര എസ്റ്റേറ്റിന്റെ വികസനം

560 [597] ശ്രീ. എ. കെ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ പേരാമ്പ്ര എസ്റ്റേറ്റിന്റെ വികസനത്തിനുവേണ്ടി കുത്തുള്ളി ഭൂമിയിൽനിന്നും നൽകാൻ തീരുമാനിച്ച സ്ഥലം പ്ലാന്റേഷൻ കോർപ്പറേഷൻ ഏറ്റെടുത്തുവോ;

(ബി) ഈ ഭൂമി നൽകുവാൻ തീരുമാനമെടുത്തത് എന്നാണ്;

(സി) ഭൂമി പ്ലാന്റേഷൻ കോർപ്പറേഷനെ ഏൽപ്പിക്കുന്നതിന് വനം വകുപ്പ് എതിർപ്പ് പ്രകടിപ്പിച്ചിരുന്നുവോ;

(ഡി) വന സംരക്ഷണ നിയമത്തിന്റെ പരിധിയിൽ ഈ ഭൂമി ഉൾപ്പെടുമോ?

ഉത്തരം

(എ) 28–8–1981–ൽ ഏറ്റെടുത്തു.

(ബി) 26–7–1980–ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

(സി) എതിർപ്പ് പ്രകടിപ്പിച്ചിരുന്നു.

(ഡി) ഇല്ല.

തിരുമാറാടി പഞ്ചായത്തിൽ കൊടുംകാറ്റു മൂലം ഉണ്ടായ കൃഷി നഷ്ടം

561 [598] ശ്രീ. ബെന്നിബഹനാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കഴിഞ്ഞ മാസം തിരുമാറാടി പഞ്ചായത്തിൽ വീശിയ കൊടുംകാറ്റുമൂലം ഉണ്ടായ നഷ്ടം കൃഷിവകുപ്പ് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കർഷകർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി എടുത്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly